# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം** **13.10.2011 ന് മറുപടിക്ക്**
**നമ്പർ 3000**

## മലയാളം സർവ്വകലാശാല ആരംഭിക്കുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ. സി.പി.മുഹമ്മദ്:
ശ്രീ.ബെന്നി ബെഹനാൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. എം.എ. വാഹീദ്:

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളം സർവ്വകലാശാല ആരംഭിക്കുന്നതിന് സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | മലയാളം സർവ്വകലാശാല ആരംഭിക്കുന്നതിന് (മലയാളം ശ്രേഷ്ഠ ഭാഷയാക്കുക എന്നതുൾപ്പെടെ) ബന്ധപ്പെട്ട ഉന്നതതല സമിതി ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രൂപീകൃതമായിട്ടുണ്ട്. സമിതിയിലെ ഉന്നത വ്യക്തികളുമായി നേരിൽ ചർച്ച ചെയ്ത് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഈ റിപ്പോർട്ട് അംഗങ്ങൾക്ക് വിതരണം ചെയ്തു കൊണ്ട് വിശദമായ ചർച്ചകൾ നടത്തുകയും അഭിപ്രായസമന്വയം ഉണ്ടാക്കി മലയാളം സർവ്വകലാശാലയുടെ രൂപീകരണ നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്തെ ഭരണഭാഷ, കോടതികളിലടക്കം മലയാളമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെയായി ഘട്ടം ഘട്ടമായി ഭരണഭാഷ മലയാളമാക്കിയ സർക്കാർ വകുപ്പുകൾ 72 ഉം സ്വയംഭരണ സ്ഥാപനങ്ങൾ 31 ഉം പൊതുമേഖലാ/ സഹകരണസ്ഥാപനങ്ങളുടെ വിഭാഗത്തിൽ വരുന്നവ 44 എണ്ണവും ഉണ്ട്. കൂടാതെ എല്ലാ |

| | | | |
|---|---|---|---|
| | | | വകുപ്പുകളിലെയും ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പുതല പദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്ന നടപടികൾ നടന്നു വരുന്നു. വെബ്സൈറ്റുകൾ മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ കോടതികളിലെ ഭരണഭാഷ മലയാളമാക്കുന്നതിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനും ആഭ്യന്തര വകുപ്പു മന്ത്രി, നിയമ വകുപ്പു മന്ത്രി എന്നിവർ അംഗങ്ങളുമായുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിയമ (പരിഭാഷ) വകുപ്പു അഡീഷണൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഉന്നതതല സമിതി യോഗം ചേരുകയും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കോടതിഭാഷ മലയാളത്തിലാക്കുന്നതിനും നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുന്നതിനും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>നിയമ വകുപ്പിൽ മലയാളത്തി-ലേക്ക് ഇനിയും തർജ്ജമ ചെയ്തിട്ടില്ലാത്ത നിയമങ്ങൾ കണ്ടെത്താനും പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് ലഭ്യമാക്കുന്ന ജോലികൾ ചെയ്യുന്നതിനും ഒരു സെൽ |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്നതിനും ആ സെല്ലിനെ ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേണൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതല നൽകുന്നതിനും തീരുമാനമായി-ട്ടുള്ളതാണ്. മേൽ പ്രകാരം സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ